**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5118** **02-11-2021 - ൽ മറുപടിയ്ക്ക്**

**കർഷകർക്ക് സൗജന്യമായി നൽകുന്ന വളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എൻ എ നെല്ലിക്കുന്ന് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കർഷകർക്ക് സൗജന്യമായി വളം നൽകാറുണ്ടോയെന്ന് വ്യക്തമാക്കാമോ; | (എ) | കൃഷി വകുപ്പ് കർഷകർക്ക് സൗജന്യമായി വളം നൽകാറില്ല. എന്നാൽ കൃഷി വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ ഭരണ വകുപ്പിന്റെയും നേതൃത്വത്തിൽ കാർഷികപദ്ധതികൾ നടപ്പിലാക്കുമ്പോൾ കർഷകർ വാങ്ങുന്ന വളം ഉൾപ്പെടെയുള്ള ഉല്പാദനോപാധികളിന്മേൽ സബ്സിഡി അനുവദിക്കാറുണ്ട്. |
| (ബി) | സഹകരണ ബാങ്കുകൾ വഴിയാണോ ഈ വളങ്ങൾ നൽകുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഉല്പാദനോപാധികൾക്ക് നൽകുന്ന സബ്സിഡി ലഭ്യമാക്കുവാൻ കർഷകർ കൃഷി വകുപ്പിന്റെ അംഗീകൃത ലൈസൻസുള്ള സഹകരണ ബാങ്കുകൾ, പ്രൈവറ്റ് ഡിപ്പോകൾ എന്നിവിടങ്ങളിൽ നിന്ന് വളം വാങ്ങിയതിനുശേഷം അതിന്റെ ബില്ല് ഹാജരാക്കുമ്പോൾ സബ്സിഡിയുടെ തോത് അനുസരിച്ച് തുക (DBT) ഇ-പേയ്മെന്റ് വഴി കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിൽ നൽകുന്നു. DBT, De-Link ചെയ്തിട്ടുള്ള പദ്ധതികളിൽ ഉല്പാദനോപാദികൾ വിതരണം ചെയ്യുന്നത് സഹകരണ ബാങ്കുകളിലെ വളം ഡിപ്പോകൾ മുഖേനയാണ്. |
| (സി) | പ്രസ്തുത ബാങ്കുകൾ മാർക്കറ്റിൽ നിന്ന് നേരിട്ട് വാങ്ങിയാണോ കർഷകർക്ക് വളമെത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | ഫെർട്ടിലൈസർ കൺട്രോൾ ഓർഡർ (FCO) മാനദണ്ഡപ്രകാരം ലഭിച്ച ലൈസൻസിൽ അനുവാദം നൽകിയിട്ടുള്ള വള നിർമ്മാണ/ മൊത്തവിതരണ ലൈസൻസ് ഉള്ളവരിൽ നിന്നുമാണ് വളം എത്തിച്ച് വിതരണം ചെയ്യുന്നത്. |
| (ഡി) | എങ്കിൽ ഏത് വളം നൽകണമെന്ന നിർദ്ദേശം ബാങ്കുകൾക്ക് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതേ ബ്രാൻഡിലുള്ള ഗുണമേറിയ വളങ്ങൾ തന്നെ നൽകുന്നുണ്ടെന്ന് എങ്ങനെയാണ് ഉറപ്പുവരുത്തുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | വിവിധ വിളകൾക്കായി കേരള കാർഷിക സർവ്വകലാശാലയുടെ Package of Practice Recommendations പ്രകാരം ഓരോ വിളകൾക്കും ലഭ്യമാകേണ്ട മൂലകങ്ങളുടെ തോത് അനുസരിച്ചാണ് ഓരോ വിളകൾക്കും വളം ഇടുന്നതിനുള്ള ശുപാർശ നൽകുന്നത്. പദ്ധതികൾ നടപ്പിലാക്കുന്നതിനു മുന്നോടിയായി ബന്ധപ്പെട്ട ഫെർട്ടിലൈസർ ഇൻ |

| | | | |
|---|---|---|---|
| | | | സ്പെക്ടർമാർ വളം/കീടനാശിനി സാമ്പിളുകൾ പരിശോധനാശാലകളിൽ അയച്ച് ഗുണമേന്മ ഉറപ്പ വരുത്താറുണ്ട്. |
| (ഇ) | ഒരു വർഷം എത്ര രൂപയുടെ വളമാണ് കർഷകർക്ക് നൽകുന്നതെന്ന് വ്യക്തമാക്കാമോ? | (ഇ) | പഞ്ചായത്തുകളുടെ ജനകീയാസൂത്രണ പദ്ധതികൾ മുഖേനയും കൃഷി വകുപ്പിന്റെ വിവിധ വിളകൾക്കുള്ള പദ്ധതികൾ മുഖേനയും കർഷകർ ഡിപ്പോകളിൽ നിന്നും വളം വാങ്ങി ഉപയോഗിച്ച് ആയതിന്റെ സബ്സിഡി ആനുകൂല്യങ്ങൾ കൈപ്പറ്റുന്നുണ്ട്. കൃഷി വകുപ്പ് നേരിട്ട് വളം വിതരണം നടത്താറില്ലാത്തതിനാൽ ഇതിന്റെ കൃത്യമായ കണക്ക് ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ